**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1104** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>ഫറോക്ക് ചുങ്കം മിനി സിവിൽ സ്റ്റേഷൻ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പി. എ. മുഹമ്മദ് റിയാസ് ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ പ്രവർത്തനമാരംഭിച്ച ഫറോക്ക് ചുങ്കത്തെ മിനി സിവിൽ സ്റ്റേഷനിലേക്ക് ഏതൊക്കെ വകുപ്പ്/ ഓഫീസുകളുടെ പ്രവർത്തനം മാറ്റുവാനാണ് തീരുമാനം എടുത്തിരുന്നത് എന്ന് അറിയിക്കാമോ;

**<u>മറുപടി:</u>** ഫറോക്ക് മിനി സിവിൽ സ്റ്റേഷനിൽ ഫറോക്ക് സബ് ട്രഷറി ഓഫീസ്, ലേബർ ഓഫീസ്, ഫറോക്ക്, അസിസ്റ്റന്റ് എഡ്യൂക്കേഷൻ ഓഫീസ്, ഫറോക്ക്, ഫറോക്ക് വില്ലേജ് ഓഫീസ്, ജി.എസ്സ്.ടി ഓഫീസ് എന്നീ ഓഫീസുകളുടെ പ്രവർത്തനം മാറ്റുവാനാണ് തീരുമാനം എടുത്തിരിക്കുന്നത്.

**(ബി)** നിലവിൽ പ്രസ്തുത മിനി സിവിൽ സ്റ്റേഷനിൽ ഏതെല്ലാം ഓഫീസുകൾ പ്രവർത്തനമാരംഭിച്ചു എന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** നിലവിൽ പ്രസ്തുത മിനി സിവിൽ സ്റ്റേഷനിൽ ഫറോക്ക് വില്ലേജ് ഓഫീസ് മാത്രമാണ് പ്രവർത്തിച്ചു വരുന്നത്.

**(സി)** പ്രവർത്തനം മാറ്റാത്ത/ആരംഭിക്കാത്ത ഓഫീസുകൾ പ്രവർത്തനസജ്ജമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** ഫറോക്ക് മിനി സിവിൽ സ്റ്റേഷനിൽ പ്രവർത്തനം മാറ്റാൻ നിശ്ചയിച്ചിട്ടുള്ള ഓഫീസ് മേധാവികൾക്ക് എത്രയും പെട്ടെന്ന് ടി സിവിൽ സ്റ്റേഷനിലേക്ക് പ്രവർത്തനം മാറ്റുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

**(ഡി)** നിശ്ചയിച്ച എല്ലാ ഓഫീസുകളുടെയും പ്രവർത്തനം എന്ന് ആരംഭിക്കുവാനാകും എന്ന് വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സി പിരിവിനുള്ള മറുപടി

**സെക്ഷൻ ഓഫീസർ**